# tIാഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
## എലത്തൂർ മേഖലാ കാര്യാലയം

ഫോൺ: 2365040 –
പുതിയങ്ങാടി. (പി.ഒ)
സെക്രട്ടറി
കോഴിക്കോട്– 673021

EZ4/2149/2023

തീയതി : 22/12/2023

**സ്വീകർത്താവ്,**

ജോയിന്റ് ഡയരക്ടർ,
തദ്ദേശ സ്വയംഭരണ വകുപ്പ്,
കോഴിക്കോട്.

സർ,

വിഷയം:- കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ – എലത്തൂർ മേഖലാ കാര്യാലയം ടൗൺ പ്ലാനിങ്ങ് വിഭാഗം – കെട്ടിടത്തിന് പെർമിറ്റ്/ഒക്യുപ്പൻസി/ ലഭിക്കാത്തത് ജില്ലാതലസ്ഥിരം അദാലത്ത് സമിതി യോഗം – റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- അങ്ങയുടെ 20/12/2023 തീയ്യതിയിലെ നിർദ്ദേശം.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന നിർദ്ദേശപ്രകാരം ശ്രീ. ഡാനിഷ് പി, സുരുമ, പാണ്ടികശാലയിൽ, എരഞ്ഞിക്കൽ എന്നവരുടെ സൈറ്റ് പരിശോധിച്ചതിൽ അപേക്ഷകന്റെ സ്ഥലത്തുനിന്നും തെക്ക് പടിഞ്ഞാറ് ഭാഗം 30 സെ.മീ. വീതിയിൽ റോഡിനു സ്ഥലം സൗജന്യമായി വിട്ടുനൽകിയതായി കാണാൻ കഴിഞ്ഞു. ഈ ഭാഗത്ത് കോർപ്പറേഷൻ റോഡിൽ നിന്നും കെട്ടിടത്തിലേക്ക് 1.20 മീറ്റർ ആണ് നിലവിലുള്ളത്. റോഡിനു വിട്ടുനൽകിയത് ചേർത്താൽ 1.50 മീ. ലഭിക്കും. പടിഞ്ഞാറ് ഭാഗം റോഡ് നീളം സൈറ്റ് വരെ 86 മീറ്ററും അത് കഴിഞ്ഞ് പടിഞ്ഞാറ് ഭാഗം 12 മീറ്ററിന് ശേഷം അവസാനിക്കുന്നു. എന്നാൽ ടി റോഡ് അപേക്ഷകന്റെ സ്ഥലത്തിന്റെ തെക്ക് ഭാഗത്ത് കൂടി കടന്ന് പോയി മറ്റൊരു റോഡുമായി ബന്ധിപ്പിക്കുന്നു. അപ്രകാരം ടി റോഡ് Culde sac എന്ന നിലയിൽ പരിഗണിക്കാവുന്നതല്ല. ആയതിനാൽ 75 മീറ്ററിൽ കൂടുതൽ നീളവും ഒരറ്റം അടയാത്തതുമായ റോഡിൽ നിന്നും കെട്ടിടത്തിലേക്ക് 2 മീറ്റർ അകലം ലഭ്യമല്ല. ആയത് കെ.എം.ബി.ആർ ചട്ട ലംഘനമാണ്. ആയതിനാൽ ടി അപേക്ഷ പ്രകാരം ക്രമവൽക്കരിക്കാൻ കഴിയില്ല എന്ന വിവരം റിപ്പോർട്ട് ചെയ്ത് കൊള്ളുന്നു.

വിശ്വസ്തതയോടെ,

28/12/2023

CALICUT CORPORATION Elathur Zonal Office

സെക്രട്ടറി,
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ



Generated from eOffice by RAJESH AK, D4 JDKKD LSGD (D4 JDKKD LSGD), D4 JDKKD LSGD, JDKKD LSGD on 16/01/2024 05:04 PM